# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : **3752**

**20-06-2019** ൽ മറുപടിയ്ക്ക്

## ചെറുവത്തൂരിൽ തുറമുഖം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. എം. രാജഗോപാലൻ | : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>( തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പ് മന്ത്രി) |
| കാസർഗോഡ് ജില്ലയിലെ ഏറ്റവും വലിയ മത്സ്യബന്ധന തുറമുഖമായ ചെറുവത്തൂർ മത്സ്യബന്ധന തുറമുഖ-ത്തിലെ സൗകര്യങ്ങൾ ഉപയോഗിച്ച് പൊതു ആവശ്യത്തിനുള്ള പോർട്ടായി മാറ്റാൻ നടപടികളുണ്ടാകുമോ എന്നറിയിക്കാമോ ? | | ചെറുവത്തൂർ മത്സ്യബന്ധന തുറമുഖം അടങ്ങുന്ന പ്രദേശം നിലവിൽ നീലേശ്വരം/ചെറുവത്തൂർ തുറമുഖമായി ഡിക്ലയർ ചെയ്തിട്ടുണ്ട്. എന്നാൽ തുറമുഖ പ്രവർത്തനങ്ങൾ തുടങ്ങിയിട്ടില്ല. ഈ മത്സ്യബന്ധന തുറമുഖത്തിന് 50 കി. മീറ്റർ അടുത്തായി അഴീക്കൽ തുറമുഖവും 80.കി. മീറ്റർ മാറി മംഗലാപുരം തുറമുഖവും നിലവിലുണ്ട്. കൂടാതെ ചെറുവത്തൂർ, കാസർഗോഡ് മേഖലയിൽ നിന്നും കയറ്റിറക്കുമതിക്ക് യോജിച്ച സംരംഭങ്ങളൊന്നും ഇല്ലാത്തതിനാൽ തുറമുഖ പ്രവർത്തനങ്ങൾ നടത്തുന്നത് സാമ്പത്തികമായി വിജയിക്കാൻ സാദ്ധ്യതയില്ല എന്നാണ് വിലയിരുത്തി-യിട്ടുള്ളത്. |

**സെക്ഷൻ ഓഫീസർ**